*മൊഡ്യൂൾ 1*

# മിശ്കാത്ത്

**യൂത്ത് ലേണിംഗ് ഹബ്ബ്, യൂത്ത് ഇന്ത്യ കുവൈത്ത്**

YOUTH INDIA
KUWAIT

# 1. ഹദീസ് പഠനം

## ഒരു പുഞ്ചിരി കരുതുക

പുഞ്ചിരിക്കുന്ന മുഖം കണ്ടാൽ ആർക്കാണ് സന്തോഷം ഇല്ലാതിരിക്കുക ഒരു പുഞ്ചിരി കണ്ടാൽ ഏത് ദേഷ്യക്കാരനും ഒന്ന് മയപ്പെടും.

عن اَبِي ذَرّ (ر) قال : قَال لِي النَّبِيّ صَلّ الله عليه وسلم.  لَا تَحْقِرَنّ مِنَ المَعْرُوف شَيْئًا وَلَوْ أَنْ تَلْقَى اخَاكَ بِوَجْهِ طَلْقٍ.  (مسلم)

**അബൂദർറിൽ നിന്ന് നിവേദനം നബി (സ) എന്നോട് പറഞ്ഞു: നല്ല കാര്യങ്ങളിൽ ഒന്നിനെയും നീ നിസ്സാരമായി കാണരുത്. പുഞ്ചിരിക്കുന്ന മുഖത്തോടെ നിന്റെ സഹോദരനെ കണ്ടുമുട്ടുന്നതുപോലും. (മുസ്‌ലീം)**

| | | | |
|---|---|---|---|
| لَا تَحْقِرَنّ | നീ നിസ്സാരമായി കാണരുത്. | شَيْئً | ഒരു കാര്യം |
| مَعْرُوف | നന്മ | تَلْقَى | നീ കണ്ടുമുട്ടുന്നു. |
| طَلْقٍ | പുഞ്ചിരിക്കുന്നത്, പ്രസന്നം | | |

ഒരു ചെലവും ഇല്ലാത്ത കാര്യമാണ് പുഞ്ചിരി പക്ഷേ പലരും അതിൽ തയ്യാറാവാറില്ല. എന്നാൽ അതുപോലും അല്ലാഹുവിങ്കൽ പ്രതിഫലാർഹമാണെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. പലതുള്ളി പെരുവെള്ളം എന്നു പറയാറുണ്ട്. ചെറുതെന്നു പറഞ്ഞ് ഒന്നും നിസ്സാരമാക്കരുത്. നന്മ ചെയ്യുന്ന കാര്യത്തിലും ഇങ്ങനെ ത്തന്നെയാണ്. വലിയ നന്മകൾ മാത്രം ചെയ്യുക, ചെറിയ നന്മകൾ ആവശ്യമില്ല എന്ന് ചിന്തിക്കാൻ മുസ്ലിമിന് കഴിയില്ല.

വലിപ്പച്ചെറുപ്പം നോക്കാതെ അതെ എല്ലാ നന്മകളും പ്രാധാന്യത്തോടെ ചെയ്യാൻ ശ്രമിക്കണം. തിന്മ എത്ര നിസ്സാരമാണെങ്കിലും അത് നിസ്സാരമാക്കി കളയാതെ അതിൽ നിന്ന് പിന്തിരിയണം.  കാരണം, ചെറിയ ചെറിയ പാപങ്ങളെ സൂക്ഷിക്കണമെന്നും അതിനെ നിസ്സാരമാക്കുന്നവർ ഒടുവിൽ നരകത്തിലെ ത്തുമെന്നും ഹദീസിൽ കാണാം. വലിയൊരു കപ്പലിനെ മുക്കാൻ ചെറിയൊരു ദ്വാരം മതിയല്ലോ.?

മനുഷ്യരുമായി ഇടപെടുമ്പോൾ ആണ് സത്യവിശ്വാസിയുടെ അനേകം നന്മകൾ ആളുകൾക്ക് വ്യക്തമാകുക. മറ്റുള്ളവരെ കാണുമ്പോൾ അവരെ അഭിവാദ്യം ചെയ്യണം. അവരോട് പുഞ്ചിരിയോടെ സംസാരിക്കണം. ഒന്നും പറയാൻ നേരം ഇല്ലെങ്കിൽപ്പോലും  ഒരു പുഞ്ചിരി അവർക്കായി കരുതി വെക്കാൻ നമുക്ക് ഒരു തടസ്സവുമില്ലല്ലോ.?

# 2. ഫിഖ്ഹ്: ഒരു ആമുഖം

ഇസ്‌ലാമിന്റെ ആദർശവും വിശ്വാസവും അടിസ്ഥാനമാക്കി മുസ്‌ലിം തന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പകർത്തുകയും പാലിക്കുകയും ചെയ്യേണ്ട നിയമ നിർദ്ദേശങ്ങളാണ് ഫിഖ്ഹ് അല്ലെങ്കിൽ കർമ്മശാസ്ത്രം എന്ന് വിളിക്കുന്നത്. മനസ്സിലാക്കൽ, ജ്ഞാനം എന്നിവയാണ് ആ അറബി വാക്കിന്റെ അർത്ഥം. ഫിഖ്ഹ് കൂടി ഉൾപ്പെടുന്ന സമഗ്രമായ ഇസ്‌ലാമിക ജീവിത ക്രമത്തിന്റെ ആകെത്തുകയാണ് ശരീഅത്ത്.

അല്ലാഹുവിൻറെ കിത്താബായ ഖുർആനും മുഹമ്മദ് നബി (സ)യുടെ സുന്നത്തുമാണ് ഫിഖ്ഹിന് അടിസ്ഥാനം. നിർബന്ധമായ അനുഷ്ഠാന കാര്യങ്ങളെല്ലാം ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത്, സാമൂഹിക ബന്ധങ്ങൾ, സാമ്പത്തിക ഇടപാടുകൾ തുടങ്ങിയ കാര്യങ്ങളെല്ലാം ഈ നിർബന്ധ കർമങ്ങളിൽ പെടും. അവയുടെ വിശദാംശങ്ങളും അനുബന്ധ കാര്യങ്ങളും നാം മനസ്സിലാക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത് നബിതിരുമേനിയുടെ ജീവിതത്തിൽ നിന്നാണ്.

നബിതിരുമേനിയുടെ കാലത്ത് ആർക്കെങ്കിലും വല്ല കാര്യത്തിലും സംശയമോ അവ്യക്തതകളോ ഉണ്ടാവുകയാണെങ്കിൽ റസൂൽ തിരുമേനി തന്നെ അവ തീർക്കുമായിരുന്നു. റസൂലിന്റെ വഫാത്തിനുശേഷം ഈ ദൗത്യം സ്വഹാബിമാർ ഏറ്റെടുത്തു. ആയിഷ, അബൂബക്കർ, അലി, ഇബ്നു അബ്ബാസ്, ഇബ്നു മസ്ഊദ്, അബൂഹുറൈറ തുടങ്ങിയ സ്വഹാബികൾ ആയിരുന്നു ഇക്കൂട്ടരിൽ പ്രമുഖർ. അവരും അല്ലാഹുവിലേക്ക് മടങ്ങിയപ്പോൾ സ്വഹാബി മാരോടൊപ്പം ജീവിച്ച ഇസ്‌ലാമിക കാര്യങ്ങളിൽ ജ്ഞാനം നേടിയവരാണ് ജനങ്ങൾക്ക് അനുഷ്ഠാന കാര്യങ്ങളിൽ നിർദ്ദേശവും മാതൃകയും പകർന്നുനൽകിയത്. ത്വാബിഉകൾ (സ്വഹാബിയെ പിൻ പറ്റിയവർ) എന്നാണ് അവരെ വിളിക്കുന്നത്. അവരും ഇക്കാര്യങ്ങളിൽ പ്രധാന അടിസ്ഥാനമായി സ്വീകരിച്ചത് ഖുർആനെയും സുന്നത്തി നെയും ആയിരുന്നു. ഇതേപോലെ ത്വാബിഉകളുടെ ശേഷം വന്ന പണ്ഡിതർ ത്വാബിഉത്താബിഉകൾ എന്നറിയപ്പെടുന്നു.

മുഹമ്മദ് നബി (സ) തിരുമേനിയുടെ കാലത്തും ഖലീഫമാരുടെ കാലത്തും ഖുർആൻ എഴുതി വെക്കുന്നതിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ തിരുമേനിയുടെയും സ്വഹാബത്തിന്റെയും കാലം കഴിഞ്ഞതോടെ നബി (സ)യുടെ നിർദ്ദേശങ്ങളും വചനങ്ങളും പ്രവർത്തനങ്ങളും നേരിൽ മനസ്സിലാക്കിയ ആളുകളുടെ എണ്ണം കുറഞ്ഞുവന്നു. അതിനാൽ അവയും വേണ്ടവിധത്തിൽ രേഖപ്പെടുത്തി വെക്കാനുള്ള ശ്രമം ആരംഭിച്ചു. അങ്ങനെയാണ് ഹദീസ് ക്രോഡീ കരണം ഉണ്ടാകുന്നത്.

കാലം മാറുന്നതിനനുസരിച്ച് ഉണ്ടാകുന്ന പുതിയ പ്രശ്നങ്ങളെയും അതേ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽനിന്ന് പിന്നീട് വന്ന പണ്ഡിതർ നേരിട്ടു. അറബി ഭാഷയിലും ഖുർആനിലും സുന്നത്തിലും അറിവും ഒപ്പം ഈമാനും സത്യസന്ധതയും

ഉള്ള ആ പണ്ഡിതർ ഇസ്‌ലാമിക കർമശാസ്ത്രത്തിന് (ഫിഖ്ഹ്) അടിത്തറയിട്ടു. അവരുടെ നിർദ്ദേശങ്ങൾ ഗ്രന്ഥരൂപത്തിൽ ചേർത്തുവെക്കുന്നത് ഭാവി തല മുറയ്ക്ക് കൂടി ഉപകാരപ്പെടും എന്ന് അവർ മനസ്സിലാക്കി. അങ്ങനെ ഒട്ടേറെ ഫിഖ്ഹ് ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു.

## മദ്ഹബുകൾ

ഖുർആനും സുന്നത്തും മുൻനിർത്തിയാണ് ഇസ്‌ലാമിക ജീവിതത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത്. പണ്ഡിതന്മാരുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് ഈ നിർദ്ദേശങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാവുക സ്വാഭാവികമാണല്ലോ. ആദ്യകാല ഫിഖ്ഹ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഒട്ടേറെ ശിഷ്യന്മാരിലൂടെയും അനുയായികളിലൂടെയും പ്രചരിച്ചു. അങ്ങനെ ഓരോ പണ്ഡിതന്റെയും അഭിപ്രായ ങ്ങളെ പിന്തുണക്കുകയും പിന്തുടരുകയും ചെയ്യുന്ന ജനങ്ങൾ ആ മദ്ഹബുകാർ എന്ന് അറിയപ്പെടാൻ തുടങ്ങി.

മാർഗ്ഗം, അഭിപ്രായം, എന്നൊക്കെയാണ് മദ്ഹബ് എന്ന വാക്കിനർത്ഥം. മാലിക്, ഹനഫി, ശാഫിഈ, ഹമ്പലി, മദ്ഹബുകളാണ് പ്രധാനപ്പെട്ട മദ്ഹബുകൾ. ഇതിനു പുറമേ വേറെയും മദ്ഹബുകളുണ്ട്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും നേരിട്ട് ഇസ്‌ലാമികവിധികൾ സ്വീകരിക്കാൻ കഴിയാത്തവർ ഇത്തരം മദ്ഹബുകളുടെ ഇമാമുമാരിൽ നിന്നാണ് തങ്ങളുടെ ജീവിതത്തിൽ ആവശ്യമാ യിവരുന്ന ഇസ്‌ലാമിക നിയമ നിർദ്ദേശങ്ങൾ കൈക്കൊള്ളേണ്ടത്. ഒരു മദ്ഹബിനെ മാത്രം പിൻപറ്റുന്നവരും പല മദ്ഹബുകളുടെയും നിർദ്ദേശങ്ങളിൽ യുക്തമായത് സ്വീകരിക്കുന്നവരും ഉണ്ട്. ഒരു മതം മാത്രം പിൻപറ്റുന്നതിനെ (അനുകരണം) എന്ന് പറയുന്നു. ഒരു മദ്ഹബിനെ സ്വീകരിക്കുന്നവർ മറ്റു മദ്ഹബുകളെ ആക്ഷേപി ക്കുകയോ തള്ളിക്കളയുകയോ ചെയ്യാൻ പാടില്ല. കാരണം എല്ലാ അഭിപ്രായ ങ്ങളുടെയും അടിസ്ഥാനം ഖുർആനും സുന്നത്തും ആണല്ലോ.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ഇബ്നുൽ ഖയ്യിം, ശാഹ് വലിയുല്ലാഹി ദ്ദഹ്‌ലവി, ദാവൂദ്, ളാഹിരി തുടങ്ങിയ കർമശാസ്ത്ര പണ്ഡിതന്മാരും തങ്ങളുടെ അഭിപ്രായങ്ങൾ ഫിഖ്ഹിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഷാഫിഈ മദ്ഹബും ഹനഫീ മദ്ഹബും അനുസരിച്ചാണ് കേരളത്തിലെ മുസ്‌ലിംകൾ തങ്ങളുടെ ജീവിതവും അനുഷ്ഠാനങ്ങളും നിർവഹിക്കുന്നത്. അതോ ടൊപ്പം തങ്ങളുടെ മതനേതൃത്വം മദ്ഹബ് ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നൽ കുന്ന നിർദ്ദേശങ്ങളും വിധികളും അംഗീകരിക്കുകയാണ് പൊതുവെ കേരള മുസ് ലിംകൾ ഇസ്‌ലാമിക കാര്യങ്ങളിൽ ചെയ്യാറുള്ളത്.

## ഫിഖ്ഹിന്റെ അടിസ്ഥാനങ്ങൾ

ലോകാവസാനം വരെ നിലനിൽക്കുന്ന ജീവിത വ്യവസ്ഥയാണ് ഇസ്‌ലാം. ഏതു കാലത്തും ഏതു ജനങ്ങളും നേരിടുന്ന സകല പ്രശ്നങ്ങൾക്കും ഇസ്ലാമിൽ പരിഹാരമുണ്ട്. അതിനുള്ള മാർഗനിർദേശങ്ങൾ ഖുർആനിലും നബി ചര്യയിലുമുണ്ട്. അതിനു സഹായകമാകുന്ന വ്യാഖ്യാനങ്ങളും അഭിപ്രായങ്ങളും

YOUTH INDIA
KUWAIT

നൽകുകയാണ് പണ്ഡിതന്മാർ ചെയ്യുന്നത്. അല്ലാഹുവിൻറെ കൽപ്പനകളെയും മുഹമ്മദ് നബി (സ)യുടെ നിർദ്ദേശങ്ങളെയും അവ രണ്ടിന്റെയും താൽപര്യങ്ങൾക്ക് എതിരാവാത്ത പ്രാമാണിക പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെയും അംഗീകരിക്കാൻ മുസ്‌ലിം സമൂഹത്തിന് ബാധ്യതയുണ്ട്.

കാലം മാറുന്നതിനനുസരിച്ച് പുതിയ പുതിയ പ്രശ്നങ്ങൾ ഉണ്ടാകുമല്ലോ. മുകളിൽ പറഞ്ഞ അടിസ്ഥാനങ്ങളിൽ ഉറച്ചു നിന്ന് അവയ്ക്ക് പരിഹാരങ്ങൾ കണ്ടെത്തണം. അത്തരം പരിഹാരങ്ങളിലേക്ക് നയിക്കുന്ന പഠനങ്ങളെയും ആലോചനകളെയും ഇജ്തിഹാദ് എന്ന് വിളിക്കുന്നു. ഇജ്തിഹാദിലൂടെ കണ്ടെത്തുന്ന വിധികൾ മുസ്ലിം ലോകത്തെ പണ്ഡിതർ പൊതുവെ അംഗീകരിക്കുമ്പോൾ അതിന് ഇജ്മാഅ് എന്ന് പറയുന്നു. ഇസ്ലാമിക പ്രമാണങ്ങളിൽ അറിവുള്ള പണ്ഡിതന്മാർ ഒരു വിധിക്ക് നൽകുന്ന അംഗീകാരമാണിത്.

ഇസ്‌ലാമിക പ്രമാണങ്ങളിൽ പരിചയമില്ലാത്ത പുതിയ പ്രശ്നങ്ങളെ സമാനമായ പഴയ പ്രശ്നത്തോട് ചേർത്ത് പരിഹാരം കാണുന്നതാണ് ഖിയാസ്. ചൂതാട്ടം അല്ലാഹു ഖുർആനിലൂടെ നിരോധിച്ചതാണല്ലോ. എന്നാൽ ലോട്ടറി എന്ന പേരിലുള്ള പുതിയ ചൂതാട്ട രീതിയും ഖുർആനിലെ നിരോധനത്തോട് ഖിയാസാക്കി മുസ്‌ലിം ലോകം ഹറാമായി പ്രഖ്യാപിച്ചിരിക്കുന്നു. ആ വിധി എല്ലാ പണ്ഡിതന്മാരും ഐക്യകണ്ഠേന അംഗീകരിച്ചതിനാൽ ലോട്ടറി ഹറാമാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ടെന്ന് പറയാം. അപ്രകാരം നടത്തിയ പഠന നിരീക്ഷണങ്ങളെയിണ് ഇജ്തിഹാദ് എന്ന് വിളിക്കുന്നത്. ഈ നാല് പ്രമാണങ്ങളുമാണ് (ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ്) ഫിഖ്ഹിന്റെ അടിസ്ഥാനം. അതോടൊപ്പം നാട്ടുനടപ്പുകൾ, പൊതുനന്മയെ പരിഗണിക്കൽ, നന്മയെ ആധാരമാക്കൽ, തിന്മയിലേക്കുള്ള വഴിതടയൽ എന്നിവയും ഫിഖ്ഹിലെ നിയമങ്ങൾക്ക് അടിസ്ഥാനമാക്കാറുണ്ട്.

## ഫിഖ്ഹിന്റെ പുതിയകാലം

ലോകം മാറികൊണ്ടിരിക്കുന്നതിനനുസരിച്ച് ഇസ്ലാമിക ലോകവും വികസിക്കുന്നു. എല്ലാകാലത്തും ഉൾക്കൊള്ളാനാകും വിധം പക്വമാണ് ഇസ്‌ലാമിക ചിന്ത. പുതിയ കാലത്തെ പ്രശ്നങ്ങളെ മുൻനിർത്തി ഫിഖ്ഹിൽ പുതിയ ചിന്തകളും വിധികളും രൂപപ്പെടുത്തേണ്ടതുണ്ട്. പഴയകാലങ്ങളിൽ ഇല്ലാത്ത പല പുതിയ പ്രശ്നങ്ങളും ലോകമെന്ന നേരിടുന്നു. ചില നാടുകളിൽ പ്രത്യേകം ചില ഫിഖ്ഹ് നിയമങ്ങൾ ആവശ്യമായിവരും. അതോടൊപ്പം പുതിയ സാങ്കേതികവിദ്യകൾ, വാർത്താവിനിമയ മാർഗങ്ങൾ, സാമ്പത്തിക ഇടപാടുകൾ, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇത്രകാലം സ്വരൂപിച്ച ഫിഖ്ഹീ ധാരണകൾ മതിയാകാതെ വരും. അപ്പോയെല്ലാം ഇസ്‌ലാമിക പ്രമാണങ്ങളിൽ ഊന്നിനിന്ന് കൊണ്ടുള്ള ഗവേഷണവും പഠനവും നടക്കേണ്ടതുണ്ട്.

ഫിഖ്ഹിൽ പ്രാവീണ്യം നേടിയ മുസ്‌ലിം പണ്ഡിതന്മാർ, ഫിഖ്ഹ് അക്കാദമികൾ എന്നിവയെല്ലാം ഇക്കാലത്ത് ഗവേഷണങ്ങൾ നടത്തുകയും വിധികൾ പ്രാപിക്കുകയും ചെയ്യാറുണ്ട്. ഫത്‌വകൾ എന്നാണ് ആ വിധികൾക്കു പറയുന്നത്. സയ്യിദ് സാബിഖ്, യൂസുഫുൽ ഖറദാവി, ശൈഖ് ഇബ്നു ബാസ്, മുതവല്ലി, ആശ്ശഅറാവി തുടങ്ങിയ പണ്ഡിതന്മാരുടെ തായി അത്തരം ധാരാളം ഫതവകളുണ്ട്.

# 3. പ്രവാചക ചരിത്രം

## ഇസ്റാഅ് (നിശാപ്രയാണം)

## മിഅ്റാജ് ( ആകാശാരോഹണം )

അബൂത്വാലിബിന്റെ വിധവ ഫാത്തിമ അദ്ദേഹത്തിന്റെ മരണത്തിന് കുറച്ചു മുമ്പോ ശേഷമോ ആയിരുന്നു ഇസ്ലാമിലേക്ക് വന്നത്. അതേപോലെ അലിയുടെയും ജഅ്ഫറിന്റെയും സഹോദരിയായ അവരുടെ മകൾ ഉമ്മുഹാനിയും. എന്നാൽ, ഉമ്മുഹാനിയുടെ ഭർത്താവ് ഖുബൈറ ഏകദൈവത്വ സന്ദേശത്തോട് പ്രതികരിച്ചില്ല. എന്നിരുന്നാലും അവരുടെ വീട്ടിലേക്ക് വരാറുണ്ടായിരുന്ന പ്രവാചകനെ അദ്ദേഹം സ്വീകരിച്ചിരുന്നു. സന്ദർശന സമയം പ്രാർഥനക്കുള്ള നേരമായിരുന്നെങ്കിൽ ആ വീട്ടി ലെ വിശ്വാസികളെല്ലാവരും ചേർന്ന് അവിടെ വച്ച് പ്രാർഥിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഒരു ദിവസം പ്രവാചകന്റെ നേതൃത്വത്തിൽ അവിടെവച്ച് രാത്രി നമസ്കാ രം കഴിഞ്ഞപ്പോൾ ഉമ്മുഹാനി പ്രവാചകനെ അവിടെത്തന്നെ കഴിയാൻ പ്രേരിപ്പിച്ചു. അദ്ദേഹം ആ ക്ഷണം സ്വീകരിക്കുകയുണ്ടായി. അൽപനേ രത്തെ ഉറക്കിനു ശേഷം അദ്ദേഹം പള്ളിയിലേക്ക് പോയി. പാതിരാസമയങ്ങളിലെ കഅബാ സന്ദർശനം അദ്ദേഹം ഇഷ്ട്ടപ്പെട്ടിരുന്നു. അവിടെ ഇരിക്കുകയായിരുന്ന പ്രവാചകന് വീണ്ടും ഉറങ്ങാൻ തോന്നുകയും ഹിജ്റിന്റെ അടുത്ത് കിടന്നുറങ്ങുകയും ചെയ്തു.

"ഞാൻ ഹിജ്റിൽ ഉറങ്ങുകയായിരുന്നു'- പ്രവാചകൻ പറഞ്ഞു: "അതിനിട യിൽ എപ്പോഴോ ഗബ്രിയേൽ മാലാഖ എന്റെ അടുത്തു വന്ന് അദ്ദേഹത്തിന്റെ മടമ്പുകാൽ കൊണ്ട് എന്നെ തട്ടി. ഞാനപ്പോൾ എഴുന്നേറ്റുനിന്നു. എനിക്കൊന്നും കാണാൻ കഴിഞ്ഞില്ല. ഞാൻ വീണ്ടും ഉറക്കിലേക്ക് പോയി, രണ്ടാം തവണയും അദ്ദേഹം വന്നു. മൂന്നാം തവണയും അദ്ദേഹം വന്നു. എന്നിട്ട് അദ്ദേഹം എന്റെ കൈ പിടിച്ച് കഅബയുടെ കവാടത്തിനടുത്തേക്കു കൊണ്ടുപോയി. അവിടെ ഒരു കോവർ കഴുതയുടെ രൂപമുള്ള ഒരു വെളുത്ത മൃഗമുണ്ടായിരുന്നു. രണ്ടു ഭാഗത്തും ചിറകുക ളുണ്ടായിരുന്ന ആ മൃഗം അതിന്റെ കാലുകൾ ഇളക്കുമ്പോൾ ചിറകുകൾ വിടരും. അതിന്റെ ഓരോ ചാട്ടവും അതിന്റെ കണ്ണുകളെത്തുന്ന ദൂരത്തേക്ക് എത്തുമാ യിരുന്നു."

YOUTH INDIA KUWAIT

പിന്നീട് പ്രവാചകൻ ബുറാഖ് എന്ന പേരിലുള്ള ആ മൃഗത്തിൽ കയറി സഞ്ചരിച്ചത് വിശദമായി പറഞ്ഞു. അദ്ദേഹത്തോടൊപ്പം ജിബ്രീൽ ഉണ്ടായിരുന്നു. അവരുടെ വാഹനത്തിന് വഴികാണിച്ചുകൊടുക്കുന്നതും വേഗം നിർണയിച്ചു കൊടു ക്കുന്നതും ജിബ്രീൽ ആയിരുന്നു. യസ്രിബിനും ഖൈബറിനുമപ്പുറം വടക്കുദിശ ലക്ഷ്യമാക്കി അവർ അതിശീഘ്രം സഞ്ചരിച്ചു. അങ്ങനെ അവർ ജറുസലമിലെത്തി. അവിടെ അബ്രഹാം, മോസസ്, യേശു തുടങ്ങി പ്രവാച കന്മാരുടെ ഒരു സംഘത്തെ കണ്ടുമുട്ടി. അവരെല്ലാം പ്രവാചകന്റെ നേതൃത്വത്തിൽ ജറൂസലമിലെ ദേവാല യത്തിൽ നമസ്കരിച്ചു. തുടർന്ന് അദ്ദേഹത്തിന് രണ്ട് തളികകൾ നൽകപ്പെടു കയുണ്ടായി. ഒന്നിൽ നിറയെ വീഞ്ഞും മറ്റൊന്നിൽ പാലുമായിരുന്നു. പ്രവാചകൻ പാൽ നിറച്ച തളികയെടുത്ത് അതിൽ നിന്ന് കുടിക്കുകയും വീഞ്ഞുപാത്രം ഉപയോഗിക്കാതിരിക്കുകയും ചെയ്തു. അപ്പോൾ ഗബ്രിയേൽ മാലാഖ പറഞ്ഞു:

"താങ്കൾ പ്രകൃതിയുടെ പാതയിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു. അതിനാൽ താങ്കളുടെ സമുദായവും അതിലേക്ക് നയിക്കപ്പെടേണ്ടതാണ്. ഓ മുഹമ്മദ് വീഞ്ഞ് അങ്ങേക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു."

ജറൂസലമിലെ ദേവാലയമധ്യത്തിലുള്ള ഒരു പാറയിൽ നിന്ന് അദ്ദേഹം വീണ്ടും ബുറാഖിൽ കയറി. പിന്നീടത് ചിറകുകൾ വിടർത്തി മുകളിലേക്ക് പറന്നു. യാത്ര നയിക്കുകയായിരുന്ന ഗബ്രിയേൽ മാലാഖ ഇപ്പോൾ പൂർണമായും ഒരു ആകാശ സ്വത്വമായിരിക്കുകയാണ്. അവരങ്ങനെ കാലത്തിന്റെയും സ്ഥലത്തിന്റെയും ശാരീരിക രൂപങ്ങളുടെയും തട്ടകങ്ങൾക്കപ്പുറത്തേക്ക് ആരോഹണം ചെയ്തു. ഏഴ് ആകാശങ്ങളിലൂടെയും കടന്നുപോകവെ ജറുസലേമിൽ വച്ച് തന്നോടൊപ്പം പ്രാർത്ഥിച്ച പ്രവാചകന്മാരെയെല്ലാം അദ്ദേഹം വീണ്ടും കണ്ടുമുട്ടി. ജറുസലമിൽ വെച്ച് കണ്ടപ്പോൾ എല്ലാവർക്കും ഭൗമികഭാവമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, ഇപ്പോൾ അവരെല്ലാവരും ആത്മീയ യാഥാർത്ഥ്യത്തിന്റെ നെറുകയിലാണ്. അവർക്കെല്ലാം സംഭവിച്ച ഭാവമാറ്റത്തിൽ പ്രവാചകൻ അദ്ഭുതം കൊണ്ടു. യൂസുഫ് പ്രവാചകന്റെ മുഖം പൂർണ ചന്ദ്രശോഭയുടെ തിളക്കമുള്ളതായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. പ്രാപഞ്ചിക സൗന്ദര്യത്തിന്റെ അർധ ഭാഗവും സ്വന്തമാക്കിയിരുന്നു അദ്ദേഹം. എന്നാൽ, ഹാറൂൻ പ്രവാചകന്റെ സൗന്ദര്യവും അതിശയിപ്പിക്കുന്നതാണ്. താൻ സഞ്ചരിച്ചു പോയ സ്വർഗീയ ആരാമങ്ങളിൽ ഒന്നിനെക്കുറിച്ച് പ്രവാചകൻ പിന്നീട് പറഞ്ഞത് ഇങ്ങനെ: "ഒരു തളികയുടെ വലിപ്പത്തിലുള്ള ഒരു സ്വർഗീയസ്ഥലം. സൂര്യനു ചുവട്ടിലുള്ള മറ്റെല്ലാറ്റിനേക്കാളും നല്ലതാണ്. അതവിടെ ഉദിച്ചുയരുകയും അസ്തമിക്കുകയും ചെയ്യുന്നു. സ്വർഗീയ ആരാമങ്ങളിലെ അപ്സരസ്സുങ്ങാനും ഭൂമിയിലേക്കിറങ്ങിവന്നാൽ, അവരുടെ പ്രകാശത്താലും പരിമളത്താലും ആകാശഭൂമികൾ നിറഞ്ഞുകവിയും.''

പ്രവാചകന്റെ ഈ കാഴ്ചകളെല്ലാം ആത്മാവിന്റെ കാഴ്ചകളായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയപ്രകൃതം ഭൗമികമായ തലങ്ങളെ അതിജയിക്കാൻ പാകത്തിലായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: "ആദം ജലത്തിനും കളിമണ്ണിനുമിടയിലായിരുന്ന കാലം ഞാൻ പ്രവാചകനായിരുന്നു."

പ്രവാചകന്റെ ആരോഹണത്തിന്റെ പരമപദമായിരുന്നു ഖുർആൻ "സിദ്റതുൽ മുൻതഹ' എന്നു പരിചയപ്പെടുത്തുന്ന അതിർത്തിയിലെ ഇലന്തമരം. ഒരു പഴയ ഖുർആൻ വ്യാഖ്യാനത്തിൽ പ്രവാചകവചനത്തെ അടിസ്ഥാനമാക്കി ഇങ്ങനെ രേഖപ്പെടുത്തിയത് കാണാം: "ലോത്ത് മരം വേരുറപ്പിച്ചത് ദൈവിക സിംഹാസനത്തിലാണ്. അവിടെയാണ് ജ്ഞാനത്തിന്റെയും ജ്ഞാനിയുടെയും അവസാനത്തെ ബിന്ദു. അത് ജിബ്രീലായാലും പ്രവാചകൻ മുഹമ്മദായാലും. അതിനപ്പുറമുള്ളതെല്ലാം ഒളിഞ്ഞിരിക്കുന്ന ദുരൂഹതയാണ്. അവയെക്കുറിച്ച് അറിയുന്നവൻ ദൈവം മാത്രം."

പ്രപഞ്ചത്തിന്റെ ഈ ഉച്ചിയിൽ നിന്ന് ഗബ്രിയേൽ മാലാഖ തന്റെ യഥാർഥ പ്രഭയിൽ പ്രവാചകനുമുന്നിൽ പ്രത്യക്ഷപ്പെട്ടു. ഖുർആൻ വചനങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു: "ലോത്ത് മരം അതിന്റെ ദുരൂഹതകളാൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അവന്റെ കണ്ണഞ്ചിപ്പോവുകയോ തെറ്റായി കാണുകയോ ചെയ്തില്ല. നിശ്ചയം, അവന്റെ നാഥന്റെ അടയാളങ്ങളിൽ ഏറ്റവും മഹത്തായതാണ് അവൻ കണ്ടത്.'' ഒരു വ്യാഖ്യാനപ്രകാരം ദിവ്യപ്രകാശം ലോത്ത് മരത്തിലേക്ക് ഇറങ്ങുകയും അതല്ലാത്തതിനെയെല്ലാം മായ്ച്ചു കളയുകയും ചെയ്തു. പ്രവാചകദൃഷ്ടികൾ

പക്ഷേ ഇളകാതെ അതിൽ നിന്നു കണ്ണെടുക്കാതെ അതിനെത്തന്നെ നോക്കിനിന്നു. പ്രവാചകന്റെ പ്രാർഥനാവചനങ്ങളിൽ ഉൾച്ചേർന്നിരുന്ന ഏറ്റുപറച്ചിലുകളുടെ മറു പടി കൂടിയായിരുന്നു ഇത്. ആ വചനമിതാ: “ഞാൻ നിന്റെ മുഖാംബുജ പ്രകാശ ത്തിൽ അഭയം തേടുന്നു.'

ലോത്ത് മരത്തണലിൽ വച്ചാണ് ഒരു ദിവസം അമ്പതു പ്രാവശ്യം ചെയ്യേണ്ട നമസ്കാരത്തിന്റെ കൽപന പ്രവാചകന് ലഭിച്ചത്. പിന്നീട് അവിടെ വച്ചുതന്നെ യാണ് ഇസ്ലാമിക വിശ്വാസത്തിന്റെ മൗലിക പ്രമാണം ഉൾക്കൊള്ളുന്ന വചന പ്രകാശവും വെളിപ്പെട്ടത്: “തന്റെ നാഥനിൽ നിന്ന് തന്നിലേക്കു വെളിപ്പെട്ടത് വിശ്വാ സികളും പ്രവാചകനും വിശ്വസിക്കുന്നു. അവരെല്ലാവരും ദൈവത്തിലും അവന്റെ മാലാഖമാരിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും വിശ്വ സിക്കുന്നു. ഞങ്ങൾ പ്രവാചകന്മാർക്കിടയിൽ വിവേചനങ്ങളൊന്നും കാണുന്നില്ല. അങ്ങനെ അവർ പറയുന്നു. ഞങ്ങൾ കേട്ടിരിക്കുന്നു. ഞങ്ങൾ അനുസരിച്ചിരി ക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പാപമോക്ഷം ഞങ്ങൾക്കു തരിക. നിന്നിലേക്കാണ് ഞങ്ങളുടെയെല്ലാം അവസാനത്തെ മടക്കം.

അവർ അങ്ങനെ ഏഴാകാശങ്ങളിലൂടെ ഇറങ്ങി ഭൂമിയിലേക്ക് വരികയാണ്. പ്രവാചകൻ പറഞ്ഞു: “മടക്കയാത്രയിൽ ഞാൻ മൂസാ പ്രവാചകനെ കണ്ടു. നിങ്ങൾക്ക് എത്രമാത്രം നല്ല സുഹൃത്താണവൻ -അദ്ദേഹം എന്നാട് ചോദിച്ചു: 'എത്ര നേരത്തെ പ്രാർഥനകളാണ് താങ്കൾക്ക് നൽകപ്പെട്ടിരിക്കുന്നത്?' 'അമ്പതു നേരമെന്ന് ഞാനദ്ദേഹത്തോട് പറഞ്ഞപ്പോൾ മൂസാ പ്രവാചകൻ പറഞ്ഞു: 'നിർ ബന്ധ പ്രാർഥന ഭാരമുള്ള കാര്യമാണ്. താങ്കളുടെ ജനത ദുർബലരാണ്. അതിനാൽ ദൈവത്തിലേക്ക് പോയി ഭാരമൊന്ന് ചുരുക്കിത്തരാൻ പറയുക. അങ്ങനെ ഞാൻ തിരിച്ചുപോവുകയും ദൈവം പത്തു നേരത്തെ പ്രാർഥന ഒഴിവാക്കിത്തരികയും ചെയ്തു. വീണ്ടും ഞാൻ മൂസാ പ്രവാചകനെ കണ്ടപ്പോൾ, അതും സാധ്യമല്ല. വീണ്ടും പോകണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ പലതവണ എന്നെ അദ്ദേഹം തിരിച്ച യക്കുകയും അവസാനം രാവും പകലുമായി അഞ്ചു നേരത്തെ നമസ്കാരം നിർബ ന്ധമാക്കപ്പെടുകയും ചെയ്തു. എന്നാൽ, മൂസാ പ്രവാചകൻ അതിലും തൃപ്തനാ കാതെ ഇനിയും ചുരുക്കിക്കിട്ടാൻ ശ്രമിക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടെങ്കിലും ഞാനതിനു തയ്യാറായില്ല. പ്രവാചകൻപറഞ്ഞു: "പൂർണ മനസ്കനായി ദൈവത്തിൽ വിശ്വാസമർപ്പിച്ച്, അവന്റെ ഔദാര്യത്തിലുള്ള പ്രതീക്ഷയോടെ അഞ്ചു നേരം പ്രാർഥിക്കുന്നവന് അമ്പതു നേരത്തെ പ്രാർഥ നകളുടെ പ്രതിഫലം ലഭിക്കുന്നതാണ്.'

പ്രവാചകനും ജിബ്രീലും ജറുസലമിലെ പാറമുകളിൽ ഇറങ്ങിയതിനുശേഷം വന്ന വഴിയിലൂടെത്തന്നെ മക്കയിലേക്കു തിരിച്ചു. നിരവധി കച്ചവടസംഘങ്ങളെ മറികടന്നുകൊണ്ടായിരുന്നു ബുറാഖിലേറിയുള്ള അവരുടെ സഞ്ചാരം, അവർ കഅ്ബയിൽ എത്തിയപ്പോഴും രാതി കറുത്തുതന്നെ കിടന്നു. അവിടെ നിന്ന് പ്രവാചകൻ അപ്പോൾ ഉമ്മുഹാനിയുടെ വീട്ടിലേക്കു തന്നെ പോയി. ഇനി അവർ പറയട്ടെ: "പ്രഭാതമാകുന്നതിന് ഇത്തിരി മുമ്പ് പ്രവാചകൻ ഞങ്ങളെയെല്ലാം ഉണ ർത്തി. പ്രാർഥന കഴിഞ്ഞ ഉടനെ അദ്ദേഹം പറഞ്ഞു: “ഓ ഉമ്മുഹാനീ, നീ കണ്ട തുപോലെ ഇന്നലെ രാത്രി ഞാൻ നിങ്ങളാടൊപ്പം പ്രാർഥിച്ചതല്ലേ? പിന്നീട് ഞാൻ ജറൂസലമിലേക്ക് പോയി. അവിടത്തെ വിശുദ്ധ ദേവാലയത്തിൽ പ്രാർഥിച്ചു. ഇപ്പോൾ ഞാൻ നിങ്ങളോടൊപ്പം ഇവിടെ വച്ച് വീണ്ടും പ്രഭാതപ്രാർഥന നടത്തുകയും ചെയ്തിരിക്കുന്നു."

അതും പറഞ്ഞ് പോകാനൊരുങ്ങുന്ന പ്രവാചകന്റെ ഉടുപ്പിൽ ഞാൻ ശക്ത മായി വലിച്ചുപിടിച്ച് അദ്ദേഹത്തിന്റെ യാത്രയെ മുടക്കി. എന്റെ പിടിത്തം കാരണം അദ്ദേഹം ഉപയോഗിച്ച പരുത്തിത്തുണി അരയ്ക്കു ചുറ്റും മുറുകിയിരുന്നു. ഞാൻ പറഞ്ഞു: " ഓ ദൈവത്തിന്റെ ദൂതരേ, ഇക്കാര്യം ജനങ്ങളോട് അങ്ങ് പറയരുത്. അവർ നിങ്ങളെ കളവാക്കുകയും അപമാനിക്കുകയും ചെയ്യും.''

"ദൈവമാണ് സത്യം, ഞാനിത് അവരോട് പറയുക തന്നെ ചെയ്യും. പ്രവാച കൻ പ്രതിവചിച്ചു.

തുടർന്ന് കഅ്ബയിലേക്കു പോയ പ്രവാചകൻ അവിടെ ഉണ്ടായിരുന്ന ആൾക്കാരോട് തന്റെ ജറുസലം യാത്രയെക്കുറിച്ച്, പറഞ്ഞു. അദ്ദേഹത്തിന്റെ ശത്രുക്കൾക്ക് ഇത് ആഹ്ലാദകരമായ അനുഭവം പകർന്നു. കാരണം, പ്രവാചകനെ പരിഹസിക്കാൻ അനിഷേധ്യമായ ഒരു തെളിവുകൂടി അവർക്ക് ലഭിച്ചിരിക്കുക യാണ്. മക്കയിൽ നിന്നു സിറിയയിലേക്കു പോകാൻ ഒരു മാസം അങ്ങോട്ടും തിരി ച്ചുവരാൻ ഒരു മാസം ഇങ്ങോട്ടും ആവശ്യമാണെന്ന് ഖുറൈശികളിലെ കുട്ടികൾക്കു പോലുമറിയാം. എന്നിട്ടിപ്പോൾ മുഹമ്മദ് പറയുന്നത് ഒറ്റ രാത്രി കൊണ്ട് അവിടെ പോയി തിരിച്ചുവന്നുവെന്നാണ്. ഈ വാർത്ത കേട്ടവരിൽ ഒരു ചെറുസംഘം അബൂ ബക്കറിന്റെയടുത്തു പോയി പറഞ്ഞു: "ഇപ്പോൾ താങ്കൾക്കു സുഹൃത്തിനെപ്പറ്റി എന്തു തോന്നുന്നു? അവൻ പറയുന്നത് കഴിഞ്ഞ രാത്രി ജറുസലം പള്ളിയിൽ പോയി പ്രാർത്ഥന നടത്തി, തിരിച്ചു മക്കയിലെത്തിയെന്നാണ്." അബൂബക്കർ അതു കേട്ട് അവർ നുണ പറയുകയാണെന്ന് കുറ്റപ്പെടുത്തി. എന്നാൽ, മുഹമ്മദ് ഇപ്പോൾ കഅ്ബയിലുണ്ടെന്നും പറഞ്ഞ കാര്യം സത്യമാണെന്നും അവർ ആവർത്തി ക്കുകയുണ്ടായി, "അദ്ദേഹമങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ സത്യമായിരിക്കും. അതിൽ അദ്ഭുതപ്പെടാനെന്തിരിക്കുന്നു." അബൂബക്കർ പറഞ്ഞുതുടങ്ങി. "അദ്ദേഹമെ ന്നോട് രാത്രിയും പകൽനേരത്തും പല സമയങ്ങളിലായി ആകാശലോകത്തു നിന്നു ഭൂമിയിലേക്കു വരുന്ന വെളിപാടുകളെക്കുറിച്ച് പറയുന്നില്ലേ? അദ്ദേഹത്തിന്റെ വചനങ്ങളെല്ലാം സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ലേ? അക്കാര്യം നിങ്ങൾ ഇപ്പോൾ ഉന്നയിച്ച പ്രശ്നത്തിക്കാളും അപ്പുറമല്ലേ?' അദ്ദേഹം അവരോട് തിരിച്ചു ചോദിച്ചു. പിന്നീട് അദ്ദേഹം ദേവാലയത്തിലേക്ക് പോവുകയും കൂടിയിരിക്കു ന്നവരോടെല്ലാം പ്രവാചകൻ പറഞ്ഞത് സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതു കാരണം പ്രവാചകൻ അബുബക്കറിനെ 'അസ്സിദ്ധീഖ്" എന്നു വിളിക്കാൻ തുടങ്ങി. അതിന്റെ അർഥം "സത്യത്തിന്റെ മഹാസാക്ഷി' അല്ലെ ങ്കിൽ "സത്യത്തെ ദൃഢപ്പെടുത്തിയ മഹാൻ എന്നൊക്കെയാണ്. അതു കൂടാതെ പ്രവാചകൻ താൻ കണ്ടുമുട്ടിയ കച്ചവടസംഘത്തെക്കുറിച്ചും അവർ മക്കയി ലെത്താൻ ഇനിയെത്ര ദിവസങ്ങൾ എടുക്കേണ്ടിവരുമെന്നുമൊക്കെ കൃത്യമായി വിവരണം നൽകിയപ്പോൾ, ആദ്യകേൾവിയിൽ വിശ്വസിക്കാത്ത പലരും രണ്ടാമ തൊരു ആലോചനയ്ക്ക് തയ്യാറായി, ഓരോ സംഘവും അദ്ദേഹം പ്രവചിച്ച പോലെ മക്കയിലേക്ക് തിരിച്ചെത്തി. അവരെക്കുറിച്ച് പ്രവാചകൻ പറഞ്ഞ വിശദാം ശങ്ങളെല്ലാം ശരിയാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തു. കഅ്ബയിൽ ഉണ്ടായിരുന്ന വ്യക്തികളോട് തന്റെ ജറുസലം യാത്രയെ മാത്രമേ പ്രവാചകൻ വെളിപ്പെടുത്തിയുള്ളൂ. എന്നാൽ അബൂബക്കറിനോടും മറ്റ് അടുത്ത കൂട്ടുകാരോടും ഒപ്പമാകുമ്പോൾ ഏഴാമാകാശ സഞ്ചാരപഥങ്ങളും അതിന്റെ അനുഭവങ്ങളും പലപ്പോഴായി പ്രവാചകൻ പങ്കുവച്ചു. പിന്നീട് പലപ്പോഴും ചോദ്യങ്ങ

ൾക്കുള്ള ഉത്തരങ്ങളായി പ്രസ്തുത നിശായാന കാഴ്ചകൾ സന്ദർഭങ്ങൾക്കിണങ്ങുന്ന വിധത്തിൽ പ്രവാചകൻ വരച്ചിടുകയായിരുന്നു.

# 4. പ്രാർത്ഥനാ പഠനം

## വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ

بِسْمِ اللهِ تَوَكَّلْتُ عَلَى الله وَلَا حَوْلَ وَلَا قُوَّة إلّا بِالله

അല്ലാഹുവിന്റെ തിരുനാമത്തിൽ, അല്ലാഹുവിൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. ശക്തിയും കഴിവും അവനാൽ മാത്രം.

YOUTH INDIA
KUWAIT